**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2384** **13-09-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർപ്ലാനിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ സമഗ്ര വികസനത്തിന് 164.16 കോടി രൂപയുടെ ഭരണാനുമതിയും 86.8 കോടി രൂപയടെ ധനാനുമതിയും നൽകിയിട്ടുണ്ട്. പിന്നീട് ഡിസൈനിൽ മാറ്റം വന്നതിനെ തുടർന്ന് 113.77 കോടി രൂപയുള്ള ധനാനുമതിയ്ക്കായി പദ്ധതിയുടെ ഏജൻസിയായ ഇൻകൽ (INKEL) പ്രൊപ്പോസൽ കിഫ്ബിക്കു സമർപ്പിച്ചിട്ടുണ്ട്. എട്ട് നിലകളുള്ള സർജ്ജിക്കൽ ബ്ലോക്ക്, രണ്ട് നിലകളുള്ള സർവ്വീസ് ബ്ലോക്ക്, രണ്ട് നിലകളുള്ള അമിനിറ്റി ബ്ലോക്ക് , മൂന്ന് നിലകളുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. |
| (ബി) | ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | മറുപടി എ പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കിഫ്ബിയിൽ നിന്നും പുതുക്കിയ ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ